# കൊലപാതകത്തിനു കൂട്ടുനില്ക്കരുതേ...

ലോകവും അതിലെ സമസ്തവും ദൈവം സൃഷ്ടിച്ചത് മനുഷ്യരായ നമുക്ക് വേണ്ടിയാണ്. ഓരോ മക്കളെയും തന്റെ ഇഷ്ടത്തിനൊത്ത് രൂപവും ഭാവവും നൽകിയാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ഇന്ന് ദൈവത്തിന്റെ ആ സൃഷ്ടികർമ്മത്തിന് വിലങ്ങുതടികളായി നിൽക്കുന്നത് സൃഷ്ടികളായ ചില മാതാപിതാക്കൾ തന്നെയാണ്. ദൈവം അമ്മയുടെ ഉദരത്തിൽ തന്റെ ഛായയിലുള്ള ഒരു കുഞ്ഞിനെ വളർത്തി വലുതാക്കി കൊണ്ടുവരുമ്പോൾ ഇവർ ആ കുഞ്ഞിനെ നിഷ്ഠൂരമാംവിധം വധിക്കാനായി പിശാചിന്റെ ചട്ടുകങ്ങളായി വർത്തിക്കുന്ന ചില ഡോക്ടർമാരുമായി കൈകോർക്കുന്നു.ഒന്നു പ്രതികരിക്കാൻ പോലും ശക്തിയില്ലാത്ത പിഞ്ചുജീവനെ നിഷ്ക്കരുണം വധിക്കുന്നു. ജീവനുള്ള ആ ഭ്രൂണത്തെ ഏത് റൂമിൽ വെച്ചാണോ നശിപ്പിക്കുന്നത്, അവരുടെ മധ്യത്തിൽ പരിശുദ്ധ അമ്മയും ത്രിയേക ദൈവവും രക്തക്കണ്ണീർ പൊഴിക്കുന്നു.

ഇങ്ങനെയുള്ള കുഞ്ഞുങ്ങളെ കൊല്ലുമ്പോൾ സൃഷ്ടാവിന്റെ പരിശുദ്ധമായ അവകാശത്തിലാണ് നാം കൈവയ്ക്കുന്നത്. ഇതുവഴി ദൈവത്തിന്റെ വത്സലമക്കളായ നമ്മളും ദൈവവുമായുള്ള സ്നേഹബന്ധത്തിൽ വിള്ളൽ വീഴുന്നു. ഇതിന് തെളിവാണ് ഇന്നത്തെ മാതാപിതാക്കളും മക്കളും തമ്മിലുള്ള അകൽച്ച. ഇന്ന് ഭൂരിഭാഗം കുടുംബങ്ങളിലും മക്കളും മാതാപിതാക്കളുമായി സ്നേഹബന്ധമില്ല. ഭ്രൂണഹത്യ കൊലപാതകമാണ്. ആ തിന്മയുടെ പരിണതഫലം ഇന്ന് ലോകത്തിൽ ജീവിക്കുന്ന വ്യക്തികളിലൂടെ നാമും അനുഭവിക്കുന്നു.

ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം ദൈവം നേരിട്ട് ഏൽപിക്കുന്ന ശുശ്രൂഷയാണ് 'അവളുടെ ഗർഭധാരണം'.ഒരു ഭ്രൂണം (മനുഷ്യൻ) ഒരു സ്ത്രീയുടെ ഉദരത്തിൽ ഉരുവാകുന്ന ആദ്യനിമിഷം മുതൽ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. ഭ്രൂണാവസ്ഥയിലായിരിക്കുന്ന ഒരു കുഞ്ഞിന് ഒരു മുതിർന്ന വ്യക്തിയുടെ എല്ലാ അവകാശങ്ങളും ഉള്ളതാണെന്ന് നാം അംഗീകരിക്കണം.നാം ജീവിച്ച വർഷങ്ങളല്ല വർഷിച്ച ജീവിതമാണ് നമ്മുടെ ജീവിതത്തിന് അർത്ഥം നൽകുന്നത്. ഒരു സ്ത്രീ തനിക്ക് വേണ്ടപ്പെട്ടവരെയെല്ലാം ദൈവസന്നിധിയിലേക്ക് അടുപ്പിക്കാൻ കടപ്പെട്ടവളാണ്. ഇതിൽ ജീവിതപങ്കാളിയും മക്കളും മറ്റെല്ലാവരും ഉൾപ്പെടുന്നു.

## ദൈവത്തിന്റെ അനുഗ്രഹം

**'ശിശുക്കളെ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ; അവരെ തടയരുത്' (മത്തായി 19: 14)** എന്ന ദിവ്യനാഥന്റെ ആഹ്വാനം വളരെ പ്രധാനപ്പെട്ടതാണ്. ഈ ആധുനികയുഗത്തിൽ ദൈവം നൽകുന്ന കുഞ്ഞുങ്ങളെ കൈ നീട്ടി വാങ്ങാതെ, സൗന്ദര്യ സംരക്ഷണത്തിന് മുൻതൂക്കം കൊടുത്ത്, ദൈവീക പദ്ധതിയ്ക്ക് തടസ്സം നിൽക്കുന്ന അമ്മമാർ ധാരാളമുണ്ട്. ദൈവം അബ്രാഹമിനോടും യാക്കോബിനോടും ജെറമിയാ പ്രവാചകൻ വഴി ഇസ്രായേലിനോടും എല്ലാം വാഗ്ദാനം ചെയ്തുകൊണ്ടിരുന്നത് മക്കളെ നൽകാമെന്നാണ്. മക്കളെ സ്വീകരിക്കുന്നവർക്ക് മറ്റെല്ലാം അതിനനുബന്ധമായി ദൈവം തന്നെ നൽകും. മക്കളെ വേണ്ടെന്നു വയ്ക്കുമ്പോൾ അനുബന്ധമായി വരേണ്ട അനുഗ്രഹങ്ങളും വേണ്ടെന്നു വയ്ക്കുകയാണ്. ദൈവത്തിന്റെ സാമ്പത്തീകശാസ്ത്രത്തിൽ മനുഷ്യനാണ്

യഥാർത്ഥമായ മൂലധനം. ഈ മൂലധനമില്ലാതെ ഒരു സമ്പദ്വ്യവസ്ഥയ്ക്കും വളരുക സാധ്യമല്ല.

ബൈബിളിൽ പഴയനിയമത്തിൽ ദൈവത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് പറയുമ്പോൾ ആദ്യം പറയുന്നത് മക്കൾ എന്നാണ്. **'നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ എല്ലാ പ്രയത്നങ്ങളിലും സമൃദ്ധമായി അനുഗ്രഹിക്കും. ധാരാളം മക്കളും കന്നുകാലികളും സമൃദ്ധമായി വിളവും അവിടുന്ന് നിങ്ങൾക്കു പ്രദാനം ചെയ്യും. (നിയമ. 30:9).** ദൈവം നൽകുന്ന ഒരു വലിയ അനുഗ്രഹമാണ് ധാരാളം മക്കൾ എന്നു വിശ്വസിച്ചിരുന്നവരാണ് നമ്മുടെ പൂർവ്വികർ. വിശ്വസിച്ചിരുന്നത് സത്യമാണെന്ന് അനുഭവിക്കുകയും ചെയ്താണ് അവർ ഈ ലോകത്തു നിന്ന് യാത്രയായത്.

### തിരുസഭയുടെ പ്രബോധനം

ഈ കാര്യത്തിൽ തിരുസഭയുടെ പ്രബോധനമെന്താണ്? കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. **'ജീവൻ നൽകാൻ വിളിക്കപ്പെട്ടിരിക്കുന്ന ദമ്പതികൾ ദൈവത്തിന്റെ സൃഷ്ടിക്കാനുള്ള ശക്തിയിലും പിതൃത്വത്തിലും പങ്കുചേരുന്നു. ജീവൻ പകരുന്നതും കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതും തങ്ങളുടെ സ്വന്തദൗത്യമായി ദമ്പതികൾ കരുതണം. അങ്ങനെ, തങ്ങൾ സൃഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തിൽ സഹകരിക്കുകയാണെന്നും, ഒരു വിധത്തിൽ അതിന്റെ വ്യാഖ്യാതാക്കളാണെന്നും അവർ മനസ്സിലാക്കണം. മാനുഷികവും ക്രിസ്തീയവുമായ കർത്തവ്യബോധത്തോടെ അവർ തങ്ങളുടെ കടമ നിറവേറ്റട്ടെ. (എഫേ. 3:14, മത്താ. 23:9, 23:67) 'ഒന്നിച്ചുചേരലിന്റേയും സന്താനോല്പാദനത്തിന്റേയും സത്താപരമായ സവിശേഷതകൾ സംരക്ഷിക്കുന്നതിലൂടെ, ദാമ്പത്യപ്രവൃത്തി, പൂർണ്ണാർത്ഥത്തിൽ യഥാർത്ഥ പരസ്പര സ്നേഹത്തെയും, മാതൃത്വത്തിലേക്കും പിതൃത്വത്തിലേക്കുമുള്ള മനുഷ്യന്റെ മഹനീയ വിളിയോടുള്ള ഉൻമുഖതയെയും കാത്തു സൂക്ഷിക്കുന്നു. (2369) ക്ളിപ്തകാലത്തെ സംയമനം അതായത്, സ്വയം നിരീക്ഷണവും ഗർഭധാരണക്ഷമമല്ലാത്ത കാലത്തിന്റെ വിനിയോഗവും അടിസ്ഥാനമാക്കിയുള്ള സന്താനോല്പാദനക്രമീകരണ മാർഗ്ഗങ്ങൾ വസ്തുനിഷ്ഠമായ ധാർമ്മിക മാനദണ്ഡങ്ങൾക്ക് യോജിച്ചതാണ്. ഈ മാർഗ്ഗങ്ങൾ ദമ്പതികളുടെ വാൽസല്യത്തെ പ്രോത്സാഹിപ്പിക്കുകയും ശരിയായ സ്വാതന്ത്ര്യത്തിന്റെ അഭ്യസനത്തെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. നേരെമറിച്ച് 'ദാമ്പത്യപ്രവൃത്തിക്കുമുമ്പോ, അതിന്റെ പൂർത്തീകരണത്തിലോ അല്ലെങ്കിൽ അതിന്റെ സ്വാഭാവികമായ അനന്തര ഫലങ്ങളുടെ വികസനത്തിലോ സന്താനോത്പാദനം അസാധ്യമാക്കുന്ന ഏതൊരു പ്രവൃത്തിയും, അതു മാർഗ്ഗമായിട്ടോ ലക്ഷ്യമായിട്ടോ ഉള്ളതാണെങ്കിലും, സഹജമായിത്തന്നെ തിന്മയാണ് (2370)'. വിശുദ്ധ ഗ്രന്ഥവും സഭാപാരമ്പര്യവും വലിയ കുടുംബങ്ങളിൽ ദൈവാനുഗ്രഹത്തിന്റെയും മാതാപിതാക്കളുടെ ഉദാരതയുടെയും ഒരടയാളമാണ് ദർശിക്കുന്നത്. (2373)**

ഗർഭച്ഛിദ്രം എന്ന നീചകൃത്യം കൊലപാതകം തന്നെയാണ്. ഗർഭച്ഛിദ്രത്തിനെതിരെ ശബ്ദമുയർത്തുന്നവരിൽ ഏറ്റവും പ്രമുഖൻ ജോൺ പോൾ മാർപ്പാപ്പയാണ്. അമ്മയുടെ ഉദരത്തിൽത്തന്നെ നിരപരാധികളെ നിഷ്ക്കരുണം വധിക്കുന്നവർക്ക് എങ്ങനെ ആന്തരിക സമാധാനമുണ്ടാകും? എന്നാണ് അദ്ദേഹം ചോദിച്ചത്.സ്വന്തം കുഞ്ഞിന്റെ ജീവൻ രക്ഷി

ക്കുന്നതിനായി ജീവൻ ബലികൊടുത്ത ജിയന്ന ബറേറ്റ മോളയെ അദ്ദേഹം 2004 മെയ് 16ന് വിശുദ്ധപദവിയിലേക്കുയർത്തി . താൻ മരിക്കുമെന്നറിഞ്ഞിട്ടും തന്റെ നാലാമത്തെ കുഞ്ഞിനെ വളരെയധികം വേദനകൾ സഹിച്ച് ഈ ലോകത്തിനു നൽകി എന്നതിലാണ് അവളുടെ മഹത്വം. ദൈവത്തിന്റെ ദാനമാണ് മക്കളെന്നും അവരെ ദൈവത്തിനായി വളർത്താനും ദൈവത്തിനു സമർപ്പിക്കാനും മാതാപിതാക്കൾക്കു കടമയുണ്ട്. നിങ്ങൾ ഈ തിന്മയിൽ വീഴുകയോ കൂട്ടുനിൽക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ. എങ്കിൽ നമുക്കു ദൈവത്തിൽ ശരണപ്പെട്ട് കരുണക്കായി യാചിക്കാം.

കടപ്പാട് : ആകാശപറവകളുടെ കൂട്ടുകാർ - ഡിസംബർ 2012.